ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 18.02.2026** **TIME : 06.30 PM**

### പ്രധാന വാർത്തകൾ

1) ആഗോളതലത്തിൽ നാവിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ നാവിക സേന സുപ്രധാന പങ്കുവഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.
2) കേരള നേറ്റിവിറ്റി കാർഡ് ബില്ലിന് അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭാ യോഗം
3) ഭിന്നശേഷി സംവരണം സംബന്ധിച്ച് എൻ.എസ്.എസിന് ലഭിച്ച സുപ്രീം കോടതി ഉത്തരവ് എല്ലാ എയ്ഡഡ് മാനേജ്മെന്റുകൾക്കും ബാധകമാക്കുമെന്ന് സംസ്ഥാന സർക്കാർ.
4) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവത്തെ തുടർന്ന് കുഞ്ഞ് മരിച്ചെന്ന പരാതിയിൽ ഡോക്ടർക്ക് സസ്പെൻഷൻ.
5) സംസ്ഥാനത്ത് റംസാൻ വ്രതാരംഭം നാളെ. ഈസ്റ്ററിനോട് അനുബന്ധിച്ചുള്ള വലിയ നോമ്പിനും ഇന്ന് തുടക്കമായി.
6) **ICC** ടി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് നെതർലൻഡ്സിനെ നേരിടും.

**രാഷ്ട്രപതി (ഇൻട്രോ)**

¬ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത്, നടക്കുന്ന അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂവിൽ നാവികസേനയുടെ അഭിവാദ്യം സ്വീകരിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. 50ലേറെ രാജ്യങ്ങളിൽ നിന്നുള്ള നാവികസേനകൾ പങ്കെടുക്കുന്ന അഭ്യാസത്തിൽ 70-ലേറെ യുദ്ധക്കപ്പലുകളും, അന്തർവാഹിനികളും, വിമാനങ്ങളും അണിനിരക്കുന്നുണ്ട്. ആഗോളതലത്തിൽ നാവിക പങ്കാളിത്തവും സൗഹാർദ്ദവും ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ നാവിക സേന പ്രധാന പങ്കുവഹിക്കുന്നതായി ഫ്ലീറ്റ് റിവ്യൂവിനെ അഭിസംബോധന ചെയ്തുകൊണ്ട് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. പരിപാടിയിൽ പങ്കെടുത്ത വിദേശ നാവികസേനകൾക്ക് രാഷ്ട്രപതി നന്ദി അറിയിച്ചു.

(ഹോൾഡ്)

**പ്രധാനമന്ത്രി കൂടിക്കാഴ്ച**

ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ സ്പെയിൻ പ്രസിഡൻറ് പെഡ്രോ സാഞ്ചസ് ഉൾപ്പെടെയുള്ള ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ സ്പെയിൻ നൽകുന്ന പിന്തുണകളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു. ഫിൻലാൻഡ് പ്രധാനമന്ത്രി ആൻറി പെറ്റേരി ഒർപോയുമായി കൂടിക്കാഴ്ച നടത്തിയ ശ്രീ മോദി നിർമിത

ബുദ്ധി രംഗത്തെ ഫിൻലാൻഡിൻറെ മുന്നേറ്റങ്ങളെ പ്രശംസിച്ചു. സെർബിയൻ പ്രസിഡൻറ് അലക്സാണ്ടർ വുചിച്ചുമായും ക്രൊയേഷ്യൻ പ്രസിഡൻറ് അന്ദ്രേ പ്ലെങ്കോവിച്ച്, എസ്റ്റോണിയൻ പ്രധാനമന്ത്രി ആലാർ കാരിസ് എന്നിവരുമായും പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തി.

❋❋❋❋❋❋❋❋❋❋❋❋❋

**മന്ത്രിസഭാ-നേറ്റിവിറ്റി കാർഡ്**

കേരള നേറ്റിവിറ്റി കാർഡ് ബില്ലിന് അംഗീകാരം നൽകി മന്ത്രിസഭാ യോഗം. സംസ്ഥാന സർക്കാരിൻറെ വിവിധ സേവനങ്ങൾക്കും, മറ്റ് സാമൂഹിക ആവശ്യങ്ങൾക്കും ഉപയോഗപ്രദമാകും വിധമുള്ള ആധികാരിക രേഖയായിരിക്കും നേറ്റിവിറ്റി കാർഡ് എന്ന് ബില്ലിൽ വ്യക്തമാക്കുന്നു. വിദേശ പൗരത്വം സ്വീകരിച്ചവർക്ക് നേറ്റിവിറ്റി കാർഡിന് അർഹതയുണ്ടായിരിക്കുന്നതല്ല. നേറ്റിവിറ്റി കാർഡ് ലഭിച്ച ശേഷം വിദേശ പൗരത്വം സ്വീകരിക്കുന്നപക്ഷം നേറ്റിവിറ്റി കാർഡ് അസാധുവാകുന്നതാണ്. കാർഡ് ആവശ്യമുള്ളവർ തഹസിൽദാർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

❋❋❋❋❋❋❋❋❋❋❋❋❋

**മന്ത്രിസഭ-ഈറ്റ**

സംസ്ഥാന ബാംബു കോർപ്പറേഷന് 2030 ഒക്ടോബർ 31 വരെ അഞ്ചു വർഷത്തേക്ക് മുൻകാല പ്രാബല്യത്തിൽ, പ്രതിവർഷം പരമാവധി 5,000 മെട്രിക് ടൺ ഈറ്റ വനം വകുപ്പിൽ നിന്നും സൗജന്യമായി അനുവദിക്കാൻ മന്ത്രിസഭ അനുമതി നൽകി. നിർദ്ധനരായ പരമ്പരാഗത ബാംബു തൊഴിലാളികൾക്ക് കരകൗശല ഉൽപ്പന്ന നിർമാണത്തിനായി വിതരണം ചെയ്യുന്നതിനാണ് ഈറ്റ അനുവദിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

മന്ത്രി V.ശിവൻകുട്ടി(ഇൻട്രോ)

കേരളത്തിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് എൻ.എസ്.എസിന് ലഭിച്ച സുപ്രീം കോടതി ഉത്തരവ് എല്ലാ എയ്ഡഡ് മാനേജ്മെന്റുകൾക്കും ബാധകമാണെന്ന് സംസ്ഥാന സർക്കാർ. ഇരുപതിനായിരത്തോളം അധ്യാപകർക്ക് നിയമന തീയതി മുതലുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിലൂടെ ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ശിവൻകുട്ടി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

അധ്യാപക നിയമനം ലഭിച്ചവർ രണ്ടു വർഷത്തിനുള്ളിൽ കെ ടെറ്റ് പാസായാൽ മതിയെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ , 2025 സെപ്റ്റംബർ ഒന്നിന് മുൻപ് നിയമിതരായവരും, നെറ്റ്, സെറ്റ് തുടങ്ങിയ സമാന

യോഗ്യതകൾ ഉള്ളവരുമായ അധ്യാപകരുടെ ശമ്പള സ്കെയിലിന് താത്കാലിക അനുമതി നൽകിയതായും മന്ത്രി വ്യക്തമാക്കി.

## എം ബി രാജേഷ്

സംസ്ഥാനത്തെ ബാറുകളുടെ സമയമാറ്റം പുതിയ തീരുമാനമല്ലെന്നും, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിലവിൽ ഉള്ള സമയ ക്രമം മറ്റ് സ്ഥലങ്ങൾക്ക് കൂടി ബാധകമാക്കി സമയം ഏകീകരിക്കുക മാത്രമായിരുന്നു എന്നും മന്ത്രി എം ബി രാജേഷ്. ടൂറിസം മേഖല , അയൽ സംസ്ഥാനങ്ങളിലെ സമയക്രമം എന്നിവ പരിഗണിച്ചാണ് പ്രവർത്തന സമയം രാവിലെ 10 മുതൽ രാത്രി 12 മണിവരെയാക്കി നിശ്ചയിച്ചതെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് അഞ്ച് ലക്ഷം രൂപ ലൈസൻസ് ഫീസ് അടച്ചാൽ പുലർച്ചെ 3 മണി വരെ പ്രവർത്തിക്കാൻ അനുമതി ലഭിക്കും.

## ക്ഷാമബത്ത

സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചതായി മന്ത്രി വി.എൻ വാസവൻ. ശമ്പളപരിഷ്കരണം നടപ്പാക്കിയ

സംഘങ്ങളിൽ ക്ഷാമബത്ത 103 ൽ നിന്ന് 109 ശതമാനമായും, ശമ്പളപരിഷ്കരണം നടപ്പാക്കാത്ത സംഘങ്ങളിൽ 195 ൽ നിന്ന് 204 ശതമാനമായും ആണ് വർദ്ധിപ്പിച്ചത്. 2023 ജൂലൈ 1 മുതൽ ഇതിന് പ്രാബല്യമുണ്ടാകും. ഒരു ശമ്പളപരിഷ്കരണവും നടപ്പാക്കാത്ത സംഘങ്ങളിൽ ക്ഷാമബത്ത 15 ശതമാനം വർദ്ധിപ്പിച്ചതായും മന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**നെടുമങ്ങാട്**

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയയ്ക്കിടെ കുഞ്ഞ് മരിച്ചെന്ന പരാതിയിൽ കൺസൽട്ടൻറ് ഡോക്ടർ ബിന്ദു സുന്ദറിനെ സസ്പെൻഡ് ചെയ്ത് ആരോഗ്യ വകുപ്പ്. ഡോക്ടർക്ക് എതിരെ കൈക്കൂലി ആരോപണം ഉയർന്ന സാഹചര്യത്തിലാണ് നടപടി. സംഭവത്തിൽ അടിയന്തര അന്വേഷണത്തിന് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

**ഈസ്റ്റർ -റംസാൻ**

കേരളത്തിൽ റംസാൻ വ്രതാരംഭം നാളെ. മാസപ്പിറവി ഇന്നലെ ദൃശ്യമാകാത്തതിനാൽ റംസാൻ ഒന്ന് വ്യാഴാഴ്ച ആയിരിക്കുമെന്ന് വിവിധ ഖാസിമാർ അറിയിക്കുകയായിരുന്നു. ഒമാനൊഴികെയുള്ള ഗൾഫ്

നാടുകളിൽ ഇന്നായിരുന്നു വ്രതാരംഭം. ഈസ്റ്ററിനോട് അനുബന്ധിച്ചുള്ള വലിയ നോമ്പിനും ഇന്ന് തുടക്കമായി. ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടന്നു. നോമ്പുകാലം ആരംഭിച്ചതോടെ സംസ്ഥാനത്തെ കുരിശുമല തീർത്ഥാടനകേന്ദ്രങ്ങളും സജീവമായി. ഏപ്രിൽ അഞ്ചിനാണ് ഈസ്റ്റർ.

❋❋❋❋❋❋❋❋❋❋❋❋❋

**ശബരിമല തന്ത്രി**

ശബരിമല സ്വർണ്ണ അപഹരണ കേസിൽ തന്ത്രി കണ്ഠരര് രാജീവർക്ക് ജാമ്യം. കട്ടിളപ്പാളി, ദ്വാരപാലകശില്പ കേസുകളിലെ തന്ത്രിയുടെ ജാമ്യ ഹർജികളിലാണ് കൊല്ലം വിജിലൻസ് കോടതി കർശന ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

❋❋❋❋❋❋❋❋❋❋❋❋❋

**തദ്ദേശ ദിനാഘോഷം (ഇൻട്രോ)**

സംസ്ഥാന തദ്ദേശ ദിനാഘോഷത്തിന് കണ്ണൂരിൽ ഇന്ന് തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

## പ്ലസ് വൺ വിദ്യാർത്ഥിനി ആത്മഹത്യചെയ്തു

വയനാട് ജില്ലയിൽ പീഡനത്തിനിരയായ പ്ലസ് വൺ വിദ്യാർത്ഥിനി ആത്മഹത്യചെയ്തു. പീഡനത്തിനിരയായ വിവരം സ്കൂൾ അധികൃതർ പോലീസിനെ അറിയിച്ചതിനെ തുടർന്ന് ബന്ധുവിനെയും അയൽവാസിയെയും അറസ്റ്റുചെയ്തിരുന്നു. തിങ്കളാഴ്ചയാണ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തത്.

❋❋❋❋❋❋❋❋❋❋❋❋❋

## അനിശ്ചിതകാല സമരം

സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സംഘടനയായ K G M C T A ആഹ്വാനം ചെയ്ത അനിശ്ചിതകാല ഓ പി ബഹിഷ്കരണം തുടരുന്നതിനോടൊപ്പം നാളെ മുതൽ അടിയന്തരമല്ലാത്ത ശസ്ത്രക്രിയകളും നിർത്തിവയ്ക്കുമെന്ന് ഭാരവാഹികൾ പ്രസ്താവനയിൽ അറിയിച്ചു. മൂന്ന് ദിവസമായി തുടരുന്ന ഒ.പി. ബഹിഷ്കരണവും അധ്യാപന ബഹിഷ്കരണവും മൂലം പി.ജി. വിദ്യാർത്ഥികളും ഹൗസ് സർജൻമാരുമാണ് ഒ.പി.യിൽ രോഗികളെ പരിശോധിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## ലക്ഷദ്വീപ് - നിയന്ത്രണം

ലക്ഷദ്വീപിലെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനുമായി ഈ മാസം 25 മുതൽ എല്ലാ ബുധനാഴ്ചയും വാഹന നിയന്ത്രണം ഏർപ്പെടുത്തി ലക്ഷദ്വീപ് ഭരണകൂടം ഉത്തരവിറക്കി. നിയമം ലംഘിക്കുന്നവരിൽ നിന്ന് 500 രൂപ പിഴ ഈടാക്കുമെന്ന് ജില്ലാ കളക്ടർ ആർ. ഗിരി ശങ്കർ അറിയിച്ചു. ദ്വീപ് നിവാസികൾക്കിടയിൽ നടത്തവും സൈക്ലിംഗും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തീരുമാനം. ഭിന്നശേഷിക്കാർ ഉപയോഗിക്കുന്ന വാഹനങ്ങൾ, സുരക്ഷാ സേനകൾ, അടിയന്തര വൈദ്യസഹായം എന്നിവയെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഐ.സി.സി ടി-20**

ICC ടി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് നെതർലൻഡ്സിനെ നേരിടും. അഹമ്മദാബാദ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ടി-20 ലോകകപ്പിലെ ഇന്നത്തെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക - യുഎഇ-യെയും, മറ്റൊരു മത്സരത്തിൽ പാകിസ്ഥാൻ നമീബിയയെയും പരാജയപ്പെടുത്തി.

**അൾട്രാവയലറ്റ്**

കേരളത്തിൽ അൾട്രാവയലറ്റ് വികിരണ തോത് വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. പകൽ 11 മുതൽ 3 മണി വരെ നേരിട്ട് വെയിൽ ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. ഈ മാസം 22 വരെ സംസ്ഥാനത്ത് നേരിയ മഴയ്ക്കും സാധ്യതയുണ്ട്.

**തണ്ണീർ മലയിൽ തീപിടിച്ചു**

കോഴിക്കോട് ഉള്ളിയേരി തണ്ണീർ മലയിൽ പുൽക്കാടിന് തീപിടിച്ചു. കൊയിലാണ്ടിയിൽ നിന്നും അഗ്നിരക്ഷാസേന എത്തി തീ പൂർണ്ണമായും അണച്ചു. നാട്ടുകാരുടെ സഹായത്തോടെയാണ് 20 ഏക്കറോളം വരുന്ന പ്രദേശത്തെ തീ പൂർണമായും നിയന്ത്രണവിധേയമാക്കിയത്.

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 283 പോയിൻറ് ഉയർന്ന് 83,734 ലും നിഫ്റ്റി 93 പോയിൻറ് ഉയർന്ന് 25819 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണവിലയിൽ മാറ്റമില്ല ഗ്രാമിന് 14 ആയിരത്തി ,135 രൂപയും പവന് ഒരു ലക്ഷത്തി 13 ആയിരത്തി ,080 രൂപയുമാണ് ഇന്നത്തെ വില.